കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി തുക

294 (3116) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ട് ; അവ ഏതെല്ലാമാണ് ;

(ബി) ഏതെല്ലാം പദ്ധതി പ്രകാരമാണ് പ്രസ്തുത സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10 സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

35-ാമത് നാഷണൽ ഗെയിംസുമായി ബന്ധപ്പെട്ട് 9 സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ USIS scheme-ൽ ഉൾപ്പെടുത്തി 6 കോടി രൂപ കേന്ദ്ര വിഹിതത്തോടുകൂടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കോട്ടയത്ത് ഒരു ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം നടന്നുവരുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

35-ാമത് ദേശീയ ഗെയിംസിനായി പുതുതായി നിർമ്മിച്ച സ്റ്റേഡിയങ്ങളും അടങ്കൽ തുകയും.

1. ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം - 141,20,00,000.00
2. ടെന്നിസ് കോംപ്ലക്സ്, കമാരപുരം, തിരുവനന്തപുരം- 2,54,01,207.00
3. സ്ക്വാഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം - 4,58,46,535.00
4. ഷൂട്ടിംഗ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം- 17,46,41,406.00
5. ട്രാപ് ആൻറ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, പോലീസ് അക്കാഡമി, തൃശ്ശൂർ-1,65,06,804.00

LIBRARY ARCHIVES Kerala Legislative Assembly

6. ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം-16,80,98,232.00

7. ലോൺ ബൗൾ കോർട്ട്, കൊച്ചി, എറണാകുളം-61,34,789.00

8. ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട്-13,38,99,455.00

9. ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ-25,64,87,201.00

10. കോട്ടയം ഇൻഡോർ സ്റ്റേഡിയം-10,81,09,000.00

(സി) 2015-16 സാമ്പത്തിക വർഷത്തിൽ കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി കായിക യുവജനകാര്യാലയത്തിന്റെയും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കെ.എസ്.എഫ്.ഡി.സി. സിനിമാശാലകൾ

295 (3117) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ എത്ര സിനിമാശാലകൾ പ്രവർത്തിക്കുന്നുവെന്നും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഈ സിനിമാശാലകളിൽനിന്നുള്ള വരുമാനം എത്ര വീതമെന്നും അറിയിക്കാമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സിനിമാശാലകൾ ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത് ;

(സി) സിനിമാശാലകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് കെ.എസ്.എഫ്.ഡി.സി. നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ പുതിയ തീയേറ്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly